പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 297

# 2026-ലെ കേരള ക്ഷീരകർഷക സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 297

# 2026-ലെ കേരള ക്ഷീരകർഷക സംരക്ഷണ ബിൽ

(ശ്രീ. ടി..സിദ്ദിഖ് എം.എൽ.എ. നോട്ടീസ് നൽകിയത്)

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 297

# 2026-ലെ കേരള ക്ഷീരകർഷക സംരക്ഷണ ബിൽ

(ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ. നോട്ടീസ് നൽകിയത്)

## കേരളത്തിലെ ക്ഷീരകർഷകരുടെ നിലനിൽപ്പിനും ഉന്നമനത്തിനും വേണ്ടി നൂതനവും പ്രായോഗിക വീക്ഷണത്തോടും കൂടിയ കർമ്മപദ്ധതികൾ നടപ്പാക്കുന്നതിനും കർഷക സൗഹൃദമായ നയസമീപനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന

ഒരു

## ബിൽ

പീഠിക.—ക്ഷീരകർഷകർ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ നടപ്പാക്കുന്നതിനും കർഷക സൗഹൃദമായ നയസമീപനങ്ങൾ ആവിഷ്ക്കരിക്കുന്നതിനും വേണ്ടി പ്രത്യേക നിയമപരിരക്ഷ തന്നെ ക്ഷീരകർഷകർക്ക് ഉറപ്പുവരുത്തേണ്ടതിലേക്ക് ഒരു പ്രത്യേക നിയമനിർമ്മാണം നടത്തേണ്ടത് യുക്തമായതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

### അദ്ധ്യായം -1

### പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—

(എ) ഈ ആക്റ്റിന് 2026-ലെ കേരള ക്ഷീരകർഷക സംരക്ഷണ ആക്റ്റ് എന്ന് പേര് പറയാം.

(ബി) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

## അദ്ധ്യായം -2

2. നിർവചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—

(എ) 'വിജ്ഞാപനം' എന്നാൽ ഈ ആക്ട് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു.

(ബി) 'വകുപ്പ്' എന്നാൽ ഈ ആക്ടിലെ വകുപ്പ് എന്ന് അർത്ഥമാകുന്നു.

(സി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു

(ഡി) 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ'

(i) എന്നാൽ 1994-ലെ കേരള പഞ്ചായത്തീരാജ്/മുനിസിപ്പാലിറ്റി ആക്ട് പ്രകാരം, രൂപീകൃതമായ ഒരു ഗ്രാമ പഞ്ചായത്ത് അല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് അല്ലെങ്കിൽ

(ii) ഒരു മുൻസിപ്പൽ കൗൺസിൽ അല്ലെങ്കിൽ മുൻസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു.

(ഇ) 'കൺട്രോൾ റൂം' എന്നാൽ ഓരോ ക്ഷീര വികസന ബ്ലോക്കിലും ഈ ആക്ട് അനുസരിച്ച് രൂപീകൃതമാകുന്ന വിവിധ ആവശ്യങ്ങൾക്കുള്ള കൺട്രോൾ സെന്റർ എന്നർത്ഥമാകുന്നു.

(എഫ്) 'മൊബൈൽ ആംബുലൻസ്' എന്നാൽ ഒരു ക്ഷീരവികസന ബ്ലോക്കിന്റെ കീഴിൽ ആക്ട് അനുസരിച്ച് വിഭാവനം ചെയ്യുന്ന അടിയന്തര ശുശ്രൂഷ സംവിധാനം ക്രമീകരിച്ച വാഹനം എന്നർത്ഥമാകുന്നു.

(ജി) 'വാല്യൂ ആഡഡ് പ്രോഡക്റ്റ്' എന്നാൽ പാൽ ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്ന മറ്റ് ഉപയോഗയോഗ്യമായ വസ്തുക്കൾ എന്നർത്ഥമാകുന്നു.

(എച്ച്) 'ക്ഷീരകർഷകൻ' എന്നാൽ ആക്ട് അനുസരിച്ച് പശുവിനെയോ കിടാവിനെയോ/കിടാരിയേയോ വളർത്തുന്ന കർഷകൻ എന്നർത്ഥമാകുന്നു.

(ഐ) 'രജിസ്ട്രേഷൻ കേന്ദ്രം' എന്നാൽ ആക്ട് അനുസരിച്ച് വിഭാവനം ചെയ്തിരിക്കുന്ന ഓരോ കിടാവിന്റെയും/പശുക്കിടാരിയുടെ ജനനവും മരണവും പരുക്കും അസുഖവും രജിസ്റ്റർ ചെയ്യുന്ന മൃഗാശുപത്രി എന്നർത്ഥമാകുന്നു.

3. <u>പശു /കിടാരി/കിടാവ് പരിപാലന അവകാശങ്ങൾ.</u>—

(1) സംസ്ഥാനത്ത് ഓരോ ക്ഷീരകർഷകനിൽ നിന്നും സംഘങ്ങൾ/മിൽമ എന്നിവ പാൽ ശേഖരിക്കാനുള്ള നടപടികൾ ഉറപ്പുവരുത്തേണ്ടതും പാൽ കർഷകന്റെ വീട്ടിൽ നിന്നും ശേഖരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(2) ശേഖരിക്കുന്ന പാലിന്റെ അളവ്, ഗുണനിലവാരം അനുബന്ധ കാര്യങ്ങൾ എന്നിവ ഓരോ നേരവും ക്ഷീരകർഷകനെ അറിയിക്കേണ്ടതാണ്.

(3) ഒരു പശുകിടാവ്/കിടാരി/കാള/ ആട്/ എരുമ/ പോത്ത് കിടാരികളെ വാങ്ങാൻ സർക്കാർ തലത്തിൽ 50% തുക സബ്സിഡി നൽകേണ്ടതാണ്.

(4) തൊഴുത്തു നിർമ്മിക്കുന്നതിനുള്ള മുഴുവൻ തുകയും സർക്കാർ വഹിക്കേണ്ടതാണ്.

(5) ഓരോ പശു കിടാവിനും/കിടാരിക്കും ഡിപ്പാർട്ട്മെന്റ് തലത്തിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുത്തേണ്ടതും കർഷകന് ഒരു തുകയും നഷ്ടപ്പെടാതെ പരിപാലനത്തിനുൾപ്പെടെയുള്ള പണം ഇൻഷ്വറൻസിലൂടെ ലഭ്യമാക്കേണ്ടതുമാണ്.

(6) പശുവിന്/കിടാരികൾക്ക്/കിടാവിന് ഒരു അസുഖം വന്നാൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ സമ്പൂർണ്ണ പരിരക്ഷ നൽകുന്നതും സ്വകാര്യ ഡോക്ടർമാർ/ക്ലിനിക്കുകളെ ആശ്രയിക്കേണ്ടി വന്നാൽ ആ തുക ഡിപ്പാർട്ട്മെന്റ് തലത്തിൽ റീ-ഇംബേഴ്സ് ചെയ്തു നൽകേണ്ടതുമാണ്.

(7) ഓരോ പഞ്ചായത്തിന്റെയും പരിധിയിലുള്ള ഓരോ വെറ്ററിനറി ഹോസ്പിറ്റലിലും വെറ്ററിനറി രജിസ്ട്രേഷൻ സെന്റർ ആരംഭിക്കേണ്ടതാണ്. നിലവിലെ പശുക്കളെയും, കർഷകനെയും സംബന്ധിച്ച് പഞ്ചായത്ത് തല വിവരശേഖരണം ഇവിടെ ലഭ്യമാക്കുന്നതാണ്. വെറ്ററിനറി രജിസ്ട്രേഷൻ സെന്ററിൽ ഓരോ കിടാവിനേയും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(a) ഓരോ പഞ്ചായത്തിലും വെറ്ററിനറി ഹോസ്പിറ്റൽ ഡോക്ടർമാർ, രജിസ്ട്രേഷൻ ഓഫീസർ, എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ഒരു രജിസ്റ്റർ മതിയായ വിവരങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്;

(b) കിടാവ്/കിടാരി 200 എണ്ണത്തിന് ഒരു വെറ്ററിനറി ഡോക്ടർ എന്ന നിലയിൽ ആശുപത്രി/ഡോക്ടർ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ്.

(8) കുത്തിവെപ്പുകൾ മുഴുവൻ സൗജന്യമായി ലഭിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

4. വന്യമൃഗ ആക്രമണത്തിനും കർഷകർക്കുള്ള നഷ്ടപരിഹാരം.—

(1) വന്യമൃഗ ആക്രമണം തടയാൻ പറ്റുന്ന തൊഴുത്ത് (ആല) നിർമ്മാണത്തിന് വനാതിർത്തി മലയോര മേഖലകളിലും സമ്പൂർണ്ണ സാമ്പത്തിക സഹായത്തിന് (100%) ക്ഷീരകർഷകർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) വന്യമൃഗ ആക്രമണംമൂലം പശു/കിടാവ്/കിടാരി/കാള/ആട്/ എരുമ/പോത്ത് നഷ്ടപ്പെട്ടാൽ/കൊല്ലപ്പെട്ടാൽ നിലവിലെ നഷ്ടം കണക്കാക്കുന്നതോടൊപ്പം ഭാവിയിൽ അതിൽ നിന്നും ലഭിക്കുമായിരുന്ന വരുമാന നഷ്ടം കൂടി കണക്കിലെടുത്ത് നഷ്ടപരിഹാരം നിശ്ചയിക്കേണ്ടതാണ്

(3) വന്യമൃഗ ആക്രമണംമൂലം പശുക്കൾക്ക് പരിക്ക് പറ്റിയാൽ ഉണ്ടാകുന്ന മുഴുവൻ ചെലവും സർക്കാർ/ഡിപ്പാർട്ട്മെന്റ് വഹിക്കേണ്ടതാണ്

(4) വന്യമൃഗ ആക്രമണത്തിലൂടെ വരുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം സംഭവം നടന്ന് ഒരു മാസത്തിനുള്ളിൽ ക്ഷീരകർഷകന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഓരോ മാസത്തിനും പ്രത്യേക കാലതാമസ ചാർജ് കൂടെ കർഷകന് നൽകേണ്ടതാണ്.

(5) വന്യമൃഗ ആക്രമണത്തിൽ ഒരു പശു/കിടാവ്/കിടാരി മരണപ്പെട്ടാൽ അതിന്റെ പോസ്റ്റുമോർട്ടം, മറവ് ചെയ്യൽ, വാഹനത്തിൽ കൊണ്ടുപോകൽ തുടങ്ങി എല്ലാ ചെലവുകളും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കർഷകന് പ്രത്യേകം നൽകേണ്ടതാണ്.

5. വിലനിലവാരം ഉറപ്പാക്കൽ.—

(1) സംഘത്തിന്റെ/മിൽമയുടെ ലാഭവിഹിതം അറിയാനും, അതിൽ നിർണ്ണയിക്കപ്പെടുന്ന വിഹിതം കാലാകാലങ്ങളിൽ ലഭിക്കുന്നതിനും പ്രവർത്തനത്തെക്കുറിച്ച് അറിയാനും ക്ഷീരകർഷകന് മെമ്പർ/പാൽ നൽകുന്ന വ്യക്തി എന്ന രീതിയിൽ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) മാർക്കറ്റ് വില അനുസരിച്ച് പാലിന് വില കർഷകന് ഉറപ്പാക്കേണ്ടതാണ്.

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ.—

പാലിൽ നിന്നും ഉണ്ടാക്കുന്ന വിവിധ പാലുൽപ്പന്നങ്ങളുടെ വിപണനം മൂലം ലഭിക്കുന്ന ലാഭത്തിന് ക്ഷീരകർഷകന് തന്റെ പങ്കാളിത്തത്തിനനുസരിച്ച് അർഹതയുണ്ടായിരിക്കുന്നതാണ്.

7. <u>കാലി തീറ്റയുള്ള സഹായങ്ങൾ.</u>—

(1) പശുവിന് ആവശ്യമുള്ള പച്ചപ്പുല്ല് 50% സബ്സിഡി നിരക്കിൽ ക്ഷീരകർഷകന് ലഭ്യമാക്കേണ്ടതാണ്;

(2) പച്ചപ്പുൽ കൃഷി നടത്താൻ കർഷകന്/സംഘത്തിന് 50% മുതൽ 100% സബ്സിഡി നൽക്കേണ്ടതാണ്;

(3) കാലിത്തീറ്റ ഓരോ മാസവും ആവശ്യമായതിന്റെ (ഓരോ കർഷകനും) രജിസ്റ്റർ, കൺട്രോൾ സെന്ററിൽ സൂക്ഷിക്കേണ്ടതും ആയത് ഓരോ മാസവും കർഷകന് ലഭ്യമാക്കേണ്ടതുമാണ്;

(4) കാലിത്തീറ്റയുടെ വിലവർധനവ് ഉണ്ടാകുന്ന സാഹചര്യങ്ങളിൽ സമ്പൂർണ്ണ സബ്സിഡി/ സ്പെഷ്യൽ സബ്സിഡിയിലൂടെ ക്ഷീരകർഷകർക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കേണ്ടതാണ്;

(5) കടുത്ത വേനലിൽ ക്ഷീരകർഷകന് കിടാരികളെ സംരക്ഷിക്കാൻ പ്രത്യേക ഇൻസെന്റീവ് ലഭ്യമാക്കേണ്ടതാണ്.

8. <u>ക്ഷീരകർഷകർക്ക് പ്രത്യേക ഇൻഷ്വറൻസ്.</u>—

(1) ക്ഷീരകർഷകനും, മുഴുവൻ കുടുംബാംഗങ്ങളും പ്രത്യേക ഇൻഷ്വറൻസ് പദ്ധതി പരിധിയിൽ വരുന്നതാണ്;

(2) കർഷകന്റെ പ്രീമിയം ഒറ്റത്തവണയും, 500 രൂപയിൽ കൂടാത്തതും, 10 വർഷത്തെ ദൈർഘ്യമുള്ളതും പിന്നീട് അതേപോലെ തുടരുന്നതുമാണ്;

(3) കർഷകന് പരിക്ക് പറ്റിയാൽ പരിക്കിന്റെ തോതനുസരിച്ച് 25,000 രൂപ മുതൽ സമ്പൂർണ്ണ ചികിത്സക്കും പരിക്ക മൂലമുള്ള നഷ്ടവും നികത്തി നൽകേണ്ടതാണ്;

(4) കർഷകനും കുടുംബാംഗങ്ങൾക്കും അസുഖം വന്നാൽ ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിധിയിൽ സമ്പൂർണ്ണ ചികിത്സ ലഭ്യമാക്കേണ്ടതാണ്;

(5) കർഷകന് മരണം സംഭവിച്ചാൽ കുടുംബത്തിന് പത്തുലക്ഷം രൂപ ആശ്വാസ ധനം ലഭ്യമാക്കേണ്ടതാണ്;

(6) ക്ഷീരകർഷകന്റെ മക്കളുടെ പഠന ചെലവ് വഹിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതാണ്;

(7) ക്ഷീരകർഷകന്റെ മക്കളുടെ വിവാഹത്തിനായി 10 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകാൻ പ്രത്യേക പദ്ധതി നടപ്പാക്കേണ്ടതാണ്.

9. <u>ക്ഷീരകർഷകർക്കുള്ള പ്രത്യേക സഹായങ്ങൾ</u>.—

(1) ക്ഷീര വളം - ഇതിനു വേണ്ട വിപണി തയ്യാറാക്കി നൽകും;

(2) നല്ല ഹൈബ്രിഡ് കന്നുകുട്ടികളെ ലഭിക്കാൻ അവകാശം;

(3) കന്നുകുട്ടി പരിപാലനത്തിന് പരിശീലനവും സാങ്കേതിക സാമ്പത്തിക സഹായങ്ങളും ലഭിക്കുന്നതാണ്;

(4) പഠനയാത്രകൾക്കുള്ള അവസരങ്ങൾ ലഭിക്കുന്നതും അറിവുകളെ കരസ്ഥമാക്കേണ്ടതും അത് നടപ്പിൽ വരുത്താനുള്ള നടപടികളിൽ സഹായവും

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

പാലും പാലുൽപ്പന്നങ്ങളും മാംസ വിപണനവും കേരളത്തിന്റെ പ്രാധാന്യമുള്ള മേഖലയാണ്. ക്ഷീര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ കാരണം വിശിഷ്യാ കാലിത്തീറ്റ, പച്ചപ്പുല്ല് തുടങ്ങിയവയുടെ വൻ വിലവർധനവും ഒരു പശുവിനെയെങ്കിലും വളർത്തുന്നതിലെ ക്ലേശകരമായ ജോലിയും കാരണം പല ക്ഷീരകർഷകരും ഈ മേഖലയിൽ നിന്ന് പടിയിറങ്ങുന്ന സാഹചര്യം ഏറെ ഗൗരവതരമാണ്. പുതുതലമുറ ഈ മേഖലയിലേക്ക് കടന്നുവരുന്നത് വിരളമാകുന്നു. പാലിനും പാലുൽപ്പന്നങ്ങൾക്കും നാം പൂർണ്ണതയ്ക്ക് വേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതും ശ്രദ്ധിക്കേണ്ടതാണ്. വന്യമൃഗ ശല്യം കാരണം മലയോര മേഖലകളിലും മറ്റും തൊഴുത്ത്/ആല നിർമ്മാണത്തിനും പരിചരണത്തിനും വൻ തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. ആരോഗ്യകരമായ മനുഷ്യ ജീവിതത്തിന് അനിവാര്യമായ ഒന്നാണ് പാലും, മാംസവും, പാലുൽപ്പന്നങ്ങളും. ഈ മേഖലയിൽ പാലും പാലുൽപന്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന, ഈ ക്ഷീരമേഖലയെ ആശ്രയിച്ച് ജീവിതം നയിക്കുന്ന 8 ലക്ഷം ക്ഷീര കർഷകരുള്ള സംസ്ഥാനമാണ് കേരളം. ഇവരുടെ കഠിന പരിശ്രമംമൂലം നമുക്ക് 70.65 ലക്ഷം ലിറ്റർ പാലാണ് ഒരു ദിവസം ലഭിക്കുന്നത്.

ഒരു ദിവസം കേരളത്തിന്റെ പാൽ ലഭ്യതയിലെ കുറവ് 16 ലക്ഷം ലിറ്ററാണ്. ഇത് വളരെ കൂടുതലും പരിഹരിക്കേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതുമാണ്. ഈ കാര്യത്തിൽ ക്ഷീരകർഷകർക്ക് നിയമപരിരക്ഷ ഉറപ്പാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ക്ഷീരകർഷകരെ മുഴുവൻ ക്ഷീര മേഖലയിൽ നിലനിർത്തുന്നതിനും, പുതുതലമുറയെ മേഖലയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി കരുത്തുറ്റ നിയമനിർമ്മാണ പരിരക്ഷ ആവശ്യമായി വന്ന സാഹചര്യത്തിൽ ഈ ലക്ഷ്യം നിറവേറ്റുന്നതിലേക്കായി 2026-ലെ ക്ഷീര കർഷക സംരക്ഷണ ബിൽ വിഭാവനം ചെയ്യുന്നു.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ക്ഷീരകർഷകരുടെ സംരക്ഷണത്തിനും, സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്ന ഈ ബിൽ നടപ്പിലാക്കുന്ന സമയത്ത് മാത്രമേ എത്ര സാമ്പത്തിക ബാധ്യത വരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളുവെങ്കിലും പ്രാരംഭചെലവുകൾക്കായി സഞ്ചിത നിധിയിൽ നിന്ന് 3 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ നിയമം അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ ഈ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. നിയമസഭയ്ക്ക് അങ്ങനെ വയ്ക്കുന്ന ചട്ടങ്ങൾ അംഗീകരിക്കാനോ, റദ്ദ് ചെയ്യാനോ, ഭേദഗതിക്കോ അധികാരമുണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ, ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തോടുകൂടിയിട്ടുള്ളതാണ്.

ടി. സിദ്ധിഖ് എം.എൽ.എ.